The Contrarian Consultant

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*



ടിനി ഫിലിപ്പ്

# കേന്ദ്ര ബജറ്റ് 2022; ചില യാഥാർത്ഥ്യങ്ങൾ

**ബജറ്റിനെ കുറിച്ചുള്ള മാധ്യമങ്ങളിലെ വിലയിരുത്തലുകളെ അന്ധമായി വിശ്വസിക്കാതെ സ്വന്തം നിലയിൽ വിലയിരുത്തി ഉചിതമായ തീരുമാനങ്ങൾ എടുക്കാൻ സംരംഭകർക്ക് കഴിയണം**

2020ൽ 7.3 ശതമാനമായി സാമ്പത്തിക വളർച്ച താഴ്ന്ന ഇന്ത്യയെ സംബന്ധിച്ചിടത്തോളം 2022 ലെ കേന്ദ്ര ബജറ്റ് വളരെ പ്രധാനമായിരുന്നു. വൻകിട സാമ്പത്തിക രാജ്യങ്ങൾക്കിടയിലെ മോശം പ്രകടനമായിരുന്നു ഇന്ത്യയുടേത്. ഈ കാലഘട്ടത്തിൽ ലോക സാമ്പത്തിക രംഗത്ത് ഉണ്ടായത് 3.1 ശതമാനം ഇടിവ് മാത്രമായിരുന്നു. ഈ സാഹചര്യത്തിൽ കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക ആഘാതത്തിൽ നിന്ന് എങ്ങനെ കയറാം എന്നതു സംബന്ധിച്ച കാഴ്ചപ്പാടോടു കൂടിയ ബജറ്റാണ് എല്ലാവരും പ്രതീക്ഷിച്ചത്.



ജിഡിപിയുടെ 30 ശതമാനവും കയറ്റുമതിയുടെ 40 ശതമാനവും തൊഴിലിന്റെ 90 ശതമാനവും സംഭാവന ചെയ്യുന്ന അസംഘടിത മേഖലയിൽ നിന്നുള്ള കണക്കുകളുടെ അഭാവം കൊണ്ടു തന്നെ 7.3 ശതമാനം എന്ന കണക്കുപോലും ശരിയല്ല. ഇന്ത്യൻ സമ്പദ് വ്യവസ്ഥ യഥാർത്ഥത്തിൽ ഇതിനേക്കാളേറെ ചുരുങ്ങിയിട്ടുണ്ടെന്നാണ് ഇത് അർത്ഥമാക്കുന്നത്.

അഞ്ച് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കാനിരിക്കെ സമ്പദ്മേഖല വികസിപ്പിച്ചും ഡിമാൻഡ് സൃഷ്ടിച്ചും, തൊഴില്ലില്ലായ്മ എന്ന പ്രധാന വിഷയത്തിൽ ബജറ്റ് ശ്രദ്ധ കേന്ദ്രീകരിക്കുമെന്നായിരുന്നു പ്രതീക്ഷ.

താഴെ കൊടുത്തിരിക്കുന്ന മൂന്നു വസ്തുതകൾ പരിശോധിച്ചാലറിയാം, തൊഴില്ലായ്മയുടെ ഗൗരവം പെരുപ്പിച്ചുകാട്ടിയിരിക്കുന്നതല്ല.

1. ഏകദേശം അമ്പതു ലക്ഷം യുവ ജനത ഓരോ വർഷവും തൊഴിൽ തേടുന്നവരുടെ കൂട്ടത്തിൽ ചേർക്കപ്പെടുന്നു.

2. 2019 ലെ കണക്കനുസരിച്ച് 5 കോടി തൊഴിൽ രഹിതർ രാജ്യത്തുണ്ട്. കോവിഡ് പടർന്നു പിടിച്ചതിനു ശേഷം ചുരുങ്ങിയത് ഒരു കോടി പേർ കൂടി തൊഴിൽരഹിതരായി.

2019–2020 നിടയിൽ 3.2 കോടി അവിദഗ്ധ–അർധ വിദഗ്ധ കുടിയേറ്റ തൊഴിലാളികൾ കാർഷികവൃത്തിയിലേക്ക് മടങ്ങി. അനവധിയാളുകൾ ജോലി ചെയ്യുന്ന മേഖലയാണിത്. 2004–05, 2019 വർഷങ്ങളിൽ കാർഷിക മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞുവന്നിരുന്ന പ്രവണതയ്ക്ക് എതിരായ വികാസമാണ് ഇത്.

നിലവിലുള്ള തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിനൊപ്പം ഓരോ വർഷവും അതിനൊപ്പം ചേരുന്ന ആളുകൾക്ക് ആവശ്യമായ തൊഴിൽ ലഭ്യമാക്കുന്നതിന് വഴികാട്ടുന്ന ബജറ്റാണ് ഇത്തവണ പ്രതീക്ഷിക്കപ്പെട്ടത്.

എന്നാൽ ബജറ്റിനെ കുറിച്ച് പഠിക്കുമ്പോൾ ആദ്യം ശ്രദ്ധിക്കപ്പെടുന്നത് അയഥാർത്ഥ കണക്കുകളാണ്.

39.4 ലക്ഷം കോടി രൂപ ബജറ്റ് ചെലവും 11.1 ശതമാനം എന്ന നാമമാത്രമായ ജിഡിപി വർധനയുമാണ് കണക്കാക്കുന്നത്. എന്നാൽ യഥാർത്ഥ ജിഡിപി വളർച്ച 8.5 ശതമാനം ആയിരിക്കുമെന്ന് സാമ്പത്തിക സർവേ സൂചിപ്പിക്കുന്നതിനാൽ പണപ്പെരുപ്പം 2.6 ശതമാനം മാത്രമാണെന്ന് അനുമാനിക്കപ്പെടുന്നു.

നിലവിലെ പണപ്പെരുപ്പം 5.5 ശതമാനവും ഭാവിയിൽ കൂടാനുള്ള സാധ്യതയും പരിഗണിക്കുമ്പോൾ ഇത് വിശ്വസിക്കാൻ പ്രയാസമാണ്. അതായത് ചെലവിന്റെ മൊത്തം കണക്ക് യഥാർത്ഥമല്ല.

2021–22 ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള 5.5 ലക്ഷം കോടിയുമായി താരതമ്യം ചെയ്യുമ്പോൾ മൂലധന ചെലവ് 35 ശതമാനം വർധിച്ച് 7.5 ലക്ഷം കോടി രൂപയായി എന്നതാണ് ബജറ്റിലെ ഏറ്റവും വലിയ ഇനം.

എന്നാൽ 2021–22 ലെ ആദ്യ എട്ടു മാസത്തെ (ഏപ്രിൽ മുതൽ 2021 നവംബർ വരെ) മൂലധന ചെലവ് 5.5 ലക്ഷം കോടി രൂപയുടെ ബജറ്റ് എസ്റ്റിമേറ്റിന്റെ 50 ശതമാനത്തിൽ താഴെയാണ്. ശേഷിക്കുന്ന നാലു മാസങ്ങളിൽ (2021 ഡിസംബർ മുതൽ 2022 മാർച്ച് വരെ) വാർഷിക ലക്ഷ്യം കൈവരിക്കുന്ന തരത്തിൽ മൂലധന ചെലവ് വർധിക്കും.

ഈ വർഷം കേന്ദ്ര സർക്കാരിന് 5.5 ലക്ഷം കോടി രൂപയെന്ന മൂലധനചെലവ് ലക്ഷ്യത്തിലെത്താൻ കഴിയുന്നില്ലെങ്കിൽ അടുത്ത വർഷം ലക്ഷ്യമിടുന്ന 7.5 ലക്ഷം കോടി രൂപയെന്ന ലക്ഷ്യത്തിലെത്താൻ സാധ്യത വളരെ കുറവാണ്.

അതുകൊണ്ട് സമ്പദ്വ്യവസ്ഥയെ വികസിപ്പിച്ചേക്കാവുന്ന രണ്ട് പ്രധാന ഇനങ്ങൾ– മൊത്തം ബജറ്റ് ചെലവും മൂലധന ചെലവും– സമ്പദ്വ്യവസ്ഥയെയും തൊഴിൽ ലഭ്യതയെയും മെച്ചപ്പെടുത്താൻ പര്യാപ്തമാണെന്ന് തോന്നുന്നില്ല.

## തൊഴിലിനെ തഴയുന്ന ബജറ്റ്

മറ്റൊരു പ്രധാന പ്രശ്നം, ചരക്ക് ഇടനാഴികൾ (freight corridors), ആധുനിക റോഡുകൾ തുടങ്ങി ഗതിശക്തി പ്രോഗ്രാം വഴി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ബുൾഡോസറുകൾ, ക്രെയ്നുകൾ തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് വളരെ കുറച്ച് പേർക്ക് മാത്രം നേരിട്ട് തൊഴിൽ നൽകുന്ന തരത്തിൽ മൂലധനം കൂടുതൽ വകയിരുത്തി നിർമിക്കുന്നവയാണ്.

നേരിട്ടുള്ള തൊഴിലവസരങ്ങൾ കൂടുതൽ സൃഷ്ടിക്കാനുതകുന്ന ഗ്രാമീണ വികസനം (എംജിഎൻആർഇജിഎ), കൃഷി തുടങ്ങിയ മേഖലകളിലെ പദ്ധതികൾക്കായുള്ള പണപ്പെരുപ്പം ക്രമീകരിച്ച ചെലവിനായി മുൻവർഷത്തേക്കാൾ കുറഞ്ഞ തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്നതിനാൽ ഈ മേഖലയിൽ തൊഴിലവസരങ്ങളിൽ കുറവുണ്ടാകും.

മറ്റൊരു അമ്പരിപ്പിക്കുന്ന കാര്യം, സബ്സിഡികൾ വർധിപ്പിക്കുന്നതിനു പകരം ബജറ്റിൽ സബ്സിഡികൾ കുറയ്ക്കുകയായിരുന്നു. ഇത് താഴെക്കിടയിലുള്ള 60 ശതമാനത്തോളം വരുന്ന ആളുകളുടെ വരുമാനത്തെ ബാധിക്കുകയും അതുവഴി അവർ ചെലവിടുന്ന തുകയിൽ ഗണ്യമായ കുറവുണ്ടാകുകയും ചെയ്യും.

ഇത് ആകെ സമ്പദ്വ്യവസ്ഥയുടെ വിനിയോഗ ശേഷി കുറയ്ക്കുകയും കൂടുതൽ തൊഴിൽ നഷ്ടങ്ങളിലേക്ക് നയിക്കുകയും ചെയ്യും.

അങ്ങനെ, ആവശ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു പകരം രാജ്യത്തുടനീളം തൊഴിലവസരങ്ങൾ കുറയുന്നതിന് ബജറ്റ് കാരണമാകുമെന്നാണ് എന്റെ തോന്നൽ.

പത്രങ്ങളിലും ടിവി ചാനലുകളിലും കാണുന്ന കേന്ദ്ര ബജറ്റിനെ കുറിച്ചുള്ള പോസിറ്റീവ് ചർച്ചകളെ സംരംഭകർ കണ്ണുമടച്ച് വിശ്വസിക്കരുത്. യഥാർത്ഥ കണക്കുകൾ നോക്കുകയും അവരവരുടേതായ നിഗമനങ്ങളിൽ എത്തിച്ചേരുകയും വേണം.

എന്റെ കാഴ്ചപ്പാടിൽ 2022 ലെ ബജറ്റ് ഉത്തേജനം പകരുകയല്ല മറിച്ച് പണപ്പെരുത്തിന് ഇടയാക്കുന്നതാണ്.

കോവിഡ് 19 ന് മുമ്പു തന്നെ മന്ദഗതിയിലായിരുന്ന സമ്പദ്വ്യവസ്ഥയ്ക്ക് നൽകിയ കടുത്ത ആഘാതം കണക്കിലെടുത്ത് അടുത്ത രണ്ടു വർഷം കൂടി വളരെ മോശമായിരിക്കുമെന്ന് കരുതേണ്ടി വരും.

സംരംഭകർ ഈ യാഥാർത്ഥ്യം മനസ്സിലാക്കുകയും അത് അതിജീവിക്കാനും അഭിവൃദ്ധി നേടാനും ആവശ്യമായ ഉചിതമായ തീരുമാനങ്ങൾ എടുക്കാനും ശ്രദ്ധിക്കണം. ■

